"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- വേങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടൽ പദ്ധതികളുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത് ചെലവഴിക്കപ്പെടാത്ത തുക ഉപയോഗിച്ച് മറ്റ് കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2657/2025/LSGD തീയതി,തിരുവനന്തപുരം, 04-11-2025

---

പരാമർശം:-
1. എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ, സുൽത്താൻ ബത്തേരിയുടെ 29.10.2024 തിയതിയിലെ 1028/E1/2024/PHD-SBY-WYND
2. വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.03.2025-ലെ തീരുമാനം നമ്പർ 7/ 1
3. വയനാട് ജില്ലാപ്ലാനിംഗ് ഓഫീസറുടെ 17.07.2025-ലെ കത്ത് (SRG/635/25 – CC/337/25)
4 25.10.2025-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.37

**ഉത്തരവ്**

വേങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് ലൈൻ നീട്ടലുമായി ബന്ധപ്പെട്ട്, ചുവടെ ചേർക്കും പ്രകാരം 4 പദ്ധതികളിലായി സി.എഫ് സി ടൈഡ് ഫണ്ട് വകയിരുത്തി 10,47,400/- രൂപ 29.03.2023-ൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു.

| Sl No. | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക |
|---|---|---|
| 1 | മഞ്ഞിലേരി കേളനി പൈപ്പ് ലൈൻ നീട്ടൽ | 1,03,000 രൂപ |
| 2 | മലഞ്ചെരിപ്പ്കുന്ന് - കല്ലട കുടിവെള്ള പദ്ധതി | 7,36,400 രൂപ |
| 3 | പി.വി. റോഡ് പൈപ്പ് ലൈൻ നീട്ടൽ | 1,05,000 രൂപ |
| 4 | മാരൻകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 1,03,000 രൂപ |

2. മേൽ പരാമർശിച്ച പദ്ധതികൾ എല്ലാം ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നുണ്ട് എന്നതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക കേരള വാട്ടർ അതോറിറ്റി മുഖേന ഏറ്റെടുക്കുന്ന മറ്റ് പ്രവൃത്തികളിലേയ്ക്ക് വകയിരുത്താവുന്നതാണെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ, സുൽത്താൻ ബത്തേരി പരാമർശം (1) പ്രകാരം അറിയിച്ചിരുന്നു. മേൽ സാഹചര്യത്തിൽ ഈ തുക ഉപയോഗിച്ച് മറ്റു കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കാൻ അനുമതി നൽകുന്നത് സംബന്ധിച്ച് വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം പ്രകാരം സമർപ്പിക്കപ്പെട്ട അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിക്കുകയും ആയതിനു അനുമതി നൽകുന്നതിന് പരാമർശം (4) പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നു

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വേങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പരാമർശിച്ച പൈപ്പ് ലൈൻ നീട്ടൽ പദ്ധതികളുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത ചെലവഴിക്കപ്പെടാത്ത തുക ഉപയോഗിച്ച് മറ്റ് കുടിവെള്ള പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്, വയനാട്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 04-11-2025 11:05:55

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്